"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ - കോട്ടൺ വാങ്ങിയ ഇനത്തിൽ കുടിശ്ശിക- സൺ കോട്ടൺ കമ്പനി ആന്ധ്രാപ്രദേശ് എം.എസ്.എം.ഇ ഫെസിലിറ്റേഷൻ കൗൺസിലിൽ ഫയൽ ചെയ്ത കേസ് നം.21C/IFC/2018/4215-പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ (നിലവിൽ കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടർ) ഡോ.കെ.എസ്.കൃപകുമാറിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.675/2025/ID തീയതി,തിരുവനന്തപുരം, 09-06-2025

---

പരാമർശം:-

1. ആന്ധ്രാ പ്രദേശ് എം.എസ്.എം.ഇ ഫെസിലിറ്റേഷൻ കൗൺസിലിന്റെ നം.21C/IFC/2018/4215 കേസിലെ 01/03/ 2024 തീയതിയിലെ വിധി.
2. ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ ജനറൽ മാനേജരുടെ 24/05/2024 തീയതിയിലെ ACSM/GM/536/2024-25, 09/07/ 2024 തീയതിയിലെ ACSM/GM/714/2024-25& 09/01/2025 തീയതിയിലെ ACSM/GM/13/2024-25 നമ്പർ കത്തുകൾ
3. 08/08/2024, 27/02/2025 തീയതികളിലെ വ്യവ-സി2/60/ 2024 നമ്പർ സർക്കാർ കത്തുകൾ

**ഉത്തരവ്**

ആലപ്പി സഹകരണ സ്പിന്നിംഗ് മില്ലിൽ 2008ൽ കോട്ടൺ സപ്ലൈ ചെയ്ത സൺ കോട്ടൺ(ആന്ധ്രാപ്രദേശ്) കമ്പനിയ്ക്ക് കോട്ടണിന്റെ വിലയിൽ ബാക്കി നൽകുവാനുള്ള 5,26,169/- രൂപ കുടിശ്ശികയായതിനാൽ മില്ലിനെതിരെ കമ്പനി ആന്ധ്രാ പ്രദേശ് എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ കൗൺസിലിൽ ഫയൽ ചെയ്ത നം.21C/IFC/2018/4215 കേസിന്മേൽ പരാമർശം(1) പ്രകാരം എക്സ്പാർട്ടിയായി പുറപ്പെടുവിച്ച വിധിയിൽ 1,11,02,623/- രൂപ അടയ്ക്കുവാൻ കൗൺസിൽ ഉത്തരവായിരുന്നു.

(2) പ്രസ്തുത കേസ് ഒത്തുതീർപ്പാക്കുന്നതിന് ലഭിച്ച അവസരങ്ങൾ പ്രയോജനപ്പെടുത്താത്തത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ ജനറൽ മാനേജരോട് വിശദീകരണം ആവശ്യപ്പെടുകയും, മിൽ ജനറൽ മാനേജർ പരാമർശം(2) പ്രകാരം അതു ലഭ്യമാക്കുകയുമുണ്ടായി. മില്ലിന്റെ ഭാഗത്തു നിന്നുണ്ടായ അനാസ്ഥകൾക്ക് എതിരെയും ഇത്തരം വീഴ്ചകൾ ഭാവിയിൽ ഉണ്ടാകാതിരിക്കുന്നതിനായി നടപടികൾ കൈക്കൊള്ളുവാനും കൗൺസിലിൽ അപ്പീൽ ഫയൽ ചെയ്യുന്നത്/കോടതിക്ക് പുറത്ത് ഈ വിഷയത്തിൽ ഒത്തു തീർപ്പ് ഉണ്ടാക്കുവാനും കൂടാതെ, പരാമർശം(1) വിധിക്കെതിരെ ആന്ധ്രാപ്രദേശ് ഹൈക്കോടതിയിൽ ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ ഫയൽ ചെയ്യുന്ന അപ്പീൽ നടപടികൾ ത്വരിതപ്പെടുത്തി

പൂർത്തിയാക്കുവാനും പരാമർശം(3) പ്രകാരം മിൽ ജനറൽ മാനേജർക്ക് സർക്കാർ നിർദ്ദേശവും നൽകിയിരുന്നു.

(3) ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ കോട്ടൺ വാങ്ങിയ ഇനത്തിൽ കുടിശ്ശികയായ തുക ലഭിക്കുന്നതിനായി സൺ കോട്ടൺ കമ്പനി ആന്ധ്രാപ്രദേശ് എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ കൗൺസിലിൽ ഫയൽ ചെയ്ത കേസ് നം.21C/IFC/2018/4215 ഒത്തുതീർപ്പാക്കുന്നതിന് ലഭിച്ച അവസരങ്ങൾ പ്രയോജനപ്പെടുത്താത്തത് ഉൾപ്പെടെ മില്ലിന്റെ ഭാഗത്തു നിന്ന് നടപടി ക്രമങ്ങളിൽ ഉണ്ടായ വീഴ്ചകളെ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ (നിലവിൽ കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടർ) ഡോ.കെ.എസ്. കൃപകുമാറിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സിജ്ഞ ജേക്കബ്

ജോയിന്റ് സെക്രട്ടറി

ഡോ.കെ.എസ്.കൃപകുമാർ, അഡീഷണൻ ഡയറക്ടർ, വ്യവസായവാണിജ്യ ഡയറ ക്ടേറ്റ്(നിലവിൽ കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടർ) തിരുവനന്തപുരം (പരാമർശം (1) മുതൽ (3) വരെയുള്ളവയുടെ പകർപ്പുകൾ സഹിതം)
വ്യവസായ വാണിജ്യഡയറക്ടർ, തിരുവനന്തപുരം
കൈത്തറി ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഫയൽ നം.സി2/169/2024-വ്യവ)

ഉത്തരവിൻ പ്രകാരം

Signed by
Sreekumar R
Date: 10-06-2025 10:41:04

സെക്ഷൻ ഓഫീസർ